"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റായ ശ്രീമതി അനുശ്രീ അശോകൻ -ന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.808/2024/AGRI തീയതി,തിരുവനന്തപുരം, 02-09-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1215/2023/കൃഷി തീയതി 19/12/2023
2. സ.ഉ.(സാധാ) നം.623/2024/കൃഷി തീയതി 27/07/2024
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20/07/2024 ലെ ADFW/10810/2022 -SE1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റായി 22/03/2022 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. അനുശ്രീ അശോകൻ - ന് കാസറഗോഡ് കാർഷിക കോളേജിൽ Department of Entomology -ന്റെ കീഴിൽ Msc കോഴ്സ് പഠിക്കുന്നതിനു 24.03.2022 മുതൽ 15.03.2024 വരെ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരവും തുടർന്ന് 16.03.2024 മുതൽ 22.05.2024 വരെ, ശൂന്യവേതനാവധി ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. ടി ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 23/05/2024 മുതൽ 31/07/2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കോഴ്സ് സർട്ടിഫിക്കറ്റും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ ചാവക്കാട് കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. അനുശ്രീ അശോകൻ- ന്, പഠനാവശ്യത്തിനായി പരാമർശം (1),(2) ഉത്തരവുകൾ പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്കു തുടർച്ചയായി 23/05/2024 മുതൽ 31/07/2024 വരെ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു. ടിയാൾ അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിക്കുമ്പോൾ സർവ്വീസിൽ പുതിയതായി പ്രവേശിച്ചതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി അനുശ്രീ അശോകൻ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/22/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ